**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഹൗസ് ബോട്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായലുകളുടെ കാരിയിംഗ് കപ്പാസിറ്റി വിലയിരുത്തി ഹൗസ് ബോട്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | **വേമ്പനാട്ടു കായലിൽ ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള മലിനീകരണം സംബന്ധിച്ച് Centre for Water Resource Development 2013 ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം കായലിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം കൂടുതലാണെന്നും കായലിന്റെ ക്യാരിയിങ്ങ് കപ്പാസിറ്റിയേക്കാളധികം ബോട്ടുകൾ നിലവിലുണ്ടെന്നും ചൂണ്ടി കാണിച്ചിരുന്നു. 07.06.2018 തീയതിയിൽ ബഹു. മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ പുതിയ ഹൗസ് ബോട്ടുകൾക്ക് ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ registration നൽകുന്ന കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് നിർദ്ദേശിച്ചു. 22.01.2024 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നപ്പോൾ നിലവിൽ വേമ്പനാട് കായലിന്റെ ക്യാരിയിങ്ങ് കപ്പാസിറ്റി അനുസരിച്ച് പ്രസ്തുത കായലിൽ ഉൾക്കൊള്ളാവുന്ന യാനങ്ങളുടെ അപ്പർ ലിമിറ്റ് കണ്ടെത്തി ആയതനുസരിച്ചു പുതിയ വെസ്സലുകൾക്ക് registration നൽകുവാൻ തീരുമാനമായി. എന്നാൽ ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ പുതിയ ബോട്ടുകൾക്ക് registration നൽകുന്ന നടപടിക്കെതിരെ ഒരു കൂട്ടം വ്യക്തികളും ഹൗസ് ബോട്ട് അസോസിയേഷനും ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും യോഗത്തിൽ എടുത്ത തീരുമാനം സ്റ്റേ ചെയ്യിരിക്കുകയുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ തുറമുഖ വകുപ്പിന് അവിടെ ഒരു പുതിയ പഠനം നടത്തുവാൻ സാധിച്ചിട്ടില്ല.** |
| (ബി) | ഹൗസ് ബോട്ടുകളും റിസോർട്ടുകളും കായലുകളിൽ മാലിന്യം തള്ളുന്നത് തടയുന്നതിനായി എന്തെല്ലാം | (ബി) | പ്ലാസ്റ്റിക് കുപ്പികളിലെ വെള്ളം, പ്ലാസ്റ്റിക് പായ്ക്കറ്റുകളിലെ ഭക്ഷണ സാധനങ്ങൾ എന്നിവ |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിച്ചു വരുന്നത്; | | കായൽ സന്ദർശനം നടത്തുന്നവർ ഉപയോഗിക്കാതിരിക്കാനും പകരം പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിനും ബോട്ടുകളിൽത്തന്നെ കുടിവെള്ളം, ഭക്ഷണം എന്നിവ ക്രമീകരിക്കുന്നതിനും ബോട്ടുടമകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ പെരുമാറ്റചട്ടം തയ്യാറാക്കി എല്ലാ ഹൗസ് ബോട്ട് ഉടമകളുടെ സംഘടനകൾക്കും അയച്ചു കൊടുത്തിട്ടുണ്ട്. എല്ലാ ഹൗസ് ബോട്ടുകളും പെരുമാറ്റ ചട്ടം പാലിക്കുന്നുണ്ട് എന്ന് നിരീക്ഷിക്കുന്നതിനായി കെഎംബി- ഇൻസ്പെക്ഷൻ ടീമിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബോട്ടുടമകൾക്കും ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൗസ് ബോട്ടുകളിലെ ഖരമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ തരം തിരിച്ചു ശേഖരിക്കുന്നതിനായി നാലു നിറങ്ങളിലുള്ള കളക്ഷൻ ബാസ്കറ്റുകൾ ബോട്ടുകളിൽ സ്ഥാപിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ ഹൗസ് ബോട്ട് ഉടമകളുടെ സംഘടനകൾ മുഖാന്തിരം കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി/ പഞ്ചായത്ത് -കൾക്ക് കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബോട്ടുകളിൽ പ്ലാസ്റ്റിക് ഉപയോഗിക്കാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സീവേജ് മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് എല്ലാ ഹൗസ് ബോട്ടുകളിലും ബയോ ടാങ്കുകൾ ഫിറ്റ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ബയോടാങ്കുകൾ ഉള്ള ഹൗസ് ബോട്ടുകൾക്കാണ് പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് നൽകുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റുകൾ ഉള്ള ഹൗസ് ബോട്ടുകൾക്ക് മാത്രമേ സർവ്വേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുകയുള്ളൂ. |
| (സി) | ഹൗസ്ബോട്ടിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനായി സർക്കാർ സ്ഥാപിച്ച സെപ്റ്റേജുകളുടെ പ്രവർത്തന രീതി വിശദമാക്കാമോ; | (സി) | ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യശേഖരണത്തിന് കുമരകത്ത് ഒരു ബാർജ് പ്രവർത്തിക്കുന്നുണ്ട്. ഈ ബാർജ് വഴി ശേഖരിക്കുന്ന മാലിന്യം കുമരകം STP യിൽ എത്തിച്ച് സംസ്കരിച്ചു വരികയാണ്. ആലപ്പുഴയിൽ STP കൾ പ്രവർത്തിക്കുന്നതിനായി ടൂറിസം വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. ആലപ്പുഴയിൽ ശുചിമുറി മാലിന്യം ശേഖരിക്കുന്നതിന് DTPC യ്ക്ക് സ്വന്തമായി ബാർജ് സംവിധാനം നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നു. |
| (ഡി) | നിയമസഭാ സമിതികളുടെ നിർദേശാനുസരണം കായലുകളുടെ കാരിയിംഗ് കപ്പാസിറ്റിയും ഹൗസ് ബോട്ട് മേഖലയിലെ പ്രശ്നങ്ങളും സംബന്ധിച്ച് | (ഡി) | ഹൗസ് ബോട്ട് മേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ചും കായലിലെ ക്യാരിയിംഗ് കപ്പാസിറ്റിയെക്കുറിച്ചും പഠിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉറമുഖം, |

| | | | |
|---|---|---|---|
| | സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്; | | ടൂറിസം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ എന്നീ വകപ്പ് സെക്രട്ടറിമാർ, കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഡി.ഐ.ജി റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ആലപ്പുഴയിലേയും എറണാകുളത്തേയും എസ്.പി. മാരെയോ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന സബ്ജക്ട് കമ്മിറ്റി നിർദ്ദേശ പ്രകാരം, 08.01.2021 തീയതിയിലെ സ.ഉ.(സാധാ) നം. 7/2021 പ്രകാരം തുറമുഖ വകുപ്പ് സെക്രട്ടറി ചെയർമാനായും, ടൂറിസം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ, കേരള പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ്, കേരള മാരിടൈം ബോർഡ് എന്നിവയിലെ പ്രതിനിധികൾ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി യോഗം കൂടി വിവിധ പ്രശ്നങ്ങൾ വിലയിരുത്തുകയും ആക്ഷൻ ടേക്കൻ റിപ്പോർട്ട് നിയമസഭാ സമിതിയ്ക്ക് നൽകുകയുമുണ്ടായി.<br><br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ വേമ്പനാട് കായലിലെ കാരിയിങ് കപ്പാസിറ്റിയെ സംബന്ധിച്ച് പഠനം നടത്തുവാൻ തീരുമാനം കൈക്കൊണ്ടെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിൽ പ്രസ്തുത യോഗ തീരുമാനങ്ങൾ എല്ലാം തന്നെ സ്റ്റേ ചെയ്തതിനാൽ തുറമുഖ വകുപ്പിന് ഇപ്രകാരം ഒരു പഠനവുമായി മുൻപോട്ടു പോകുവാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട കോടതിയിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവ് ഒഴിവായിക്കിട്ടുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | അനധികൃത ഹൗസ്ബോട്ടുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ ലൈസൻസിംഗ്, ക്ലാസിഫിക്കേഷൻ സംവിധാനത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഇ) | സംസ്ഥാനത്തെ ഹൗസ് ബോട്ട് അടക്കമുള്ള എല്ലാ യന്ത്രവൽകൃത യാനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഉൾനാടൻ ജലയാന നിയമം - 2021 ഉം പ്രസ്തുത നിയമത്തിന് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ചട്ടങ്ങൾ അനുസരിച്ചുമാണ് നടത്തുന്നത്. പ്രസ്തുത രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ചതിനുശേഷം വിനോദസഞ്ചാരികൾക്ക് ഹൗസ് ബോട്ട് യൂണിറ്റ് നൽകിവരുന്ന സേവന നിലവാരമനുസരിച്ച് വിനോദസഞ്ചാര വകുപ്പ് സിൽവർ വെസ്സൽ, ഗോൾഡ് വെസ്സൽ, ഡയമണ്ട് വെസ്സൽ എന്നിങ്ങനെ ക്ലാസിഫിക്കേഷൻ നൽകി വരുന്നു. ഹൗസ് ബോട്ട് ക്ലാസിഫിക്കേഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ മാലിന്യ സംസ്കരണം മുഖ്യ ഘടകമായി ഉൾക്കൊള്ളിച്ചിട്ടുണ്ട് (08.07.2019 ലെ സ.ഉ.(കൈ) 12/2019/ |

| | | | |
|---|---|---|---|
| | | | ടി.എസ്.എം.). ടി ക്ലാസിഫിക്കേഷനായി ഹൗസ് ബോട്ട് ഉടമകൾ മലിനീകരണ ബോർഡിന്റെ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ